"ഭരണഭാഷ – മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – കേരള സർക്കാരിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ അഡ്വൈസർ (IFA) സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച്– ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (വ്യയം–ബി) വകുപ്പ്**

**സ.ഉ.(അച്ചടി)നം. 73/2026/ധന.** **തീയതി, തിരുവനന്തപുരം, 18.06.2026**

---

<u>**ഉത്തരവ്**</u>

കേരള സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങളിലെ ചട്ടം 10, 38 എന്നിവ പ്രകാരം, സർക്കാരിന്റെ ധനപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട വിവിധ തീരുമാനങ്ങൾക്ക് ധനവകുപ്പുമായി മുൻകൂർ കൂടിയാലോചന നിർബന്ധമാണ്. പ്രായോഗികമായി വിലയിരുത്തിയാൽ ഇത് ചുവടെ പറയുന്ന പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

(1) ഭരണ വകുപ്പിന് നിലവിൽ ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുള്ള അധികാരങ്ങൾക്ക് കീഴിൽ വരുന്ന കാര്യങ്ങൾക്കുപോലും ധനവകുപ്പിലേയ്ക്ക് ധാരാളം ഫയലുകൾ അയയ്ക്കുന്നത് തിരക്കിനും കാലതാമസത്തിനും ഇടയാക്കുന്നു. (2) നിർദ്ദേശങ്ങളിലെ ഗുണനിലവാരമില്ലായ്മ, പൂർണ്ണമായ രേഖകളുടെ അഭാവം, സാമ്പത്തിക പ്രത്യാഘാതങ്ങൾ വ്യക്തമായി പ്രസ്താവിക്കാതെയും, ഡെലിഗേഷൻ സംബന്ധിച്ച, അല്ലെങ്കിൽ ബാധകമായ ചട്ടങ്ങൾ പരിശോധിക്കാതെയും ഫയലുകൾ പലപ്പോഴും ധനവകുപ്പിലെത്തുന്നു. (3) പദ്ധതികളുടെയും പ്രോജക്ടുകളുടെയും നടത്തിപ്പ് വൈകിപ്പിക്കുന്നതരത്തിൽ ആവർത്തിച്ചുള്ള ഫയൽ നീക്കങ്ങളും ഭാഗികമായ അഭിപ്രായങ്ങളും ഉണ്ടാകുന്നു.

ഡെലിഗേറ്റ് ചെയ്ത് നൽകിയിട്ടുള്ള അധികാരങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ഫയലുകൾ തീർപ്പാക്കുന്നതിനും, നിർദ്ദേശങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും, ധനവകുപ്പിലേക്ക് ഫയലുകൾ അയയ്ക്കുന്നതിന് മുൻപ് വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് ഉപോത്ബലകവും, സവിശേഷവും, പൂർണ്ണവുമായ റഫറൻസുകൾ ഉണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി ഭരണ വകുപ്പുകൾക്കുള്ളിൽ ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ അഡ്വൈസർ (IFA) സംവിധാനം ആവശ്യമാണെന്ന് വിലയിരുത്തുന്നു. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഓരോ ഭരണ

വകുപ്പിന്റെയും പ്രധാന സാമ്പത്തിക ഉപദേഷ്ടാവായി ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ അഡ്വൈസർ (IFA) സംവിധാന ചട്ടക്കൂടിന്റെ പ്രധാന സവിശേഷതകൾ താഴെ പറയുന്നു.

1. ഘടനാപരമായ സാമ്പത്തിക പരിശോധന നൽകുന്നതിന്, ഭാഗമാകുന്ന ഓരോ ഭരണ വകുപ്പിലും ഒരു IFA-യെ നിയമിക്കും. സാമ്പത്തിക ബാധ്യതയുണ്ടാകുന്ന നിർദ്ദേശങ്ങളിൽ അതിന്റെ സാമ്പത്തിക പ്രത്യാഘാതം, അല്ലെങ്കിൽ സാമ്പത്തിക ചട്ടങ്ങൾ എപ്രകാരം ബാധകമാകും തുടങ്ങിയ കാര്യങ്ങളിൽ, ഉത്തരവിനായി ഫയൽ ഭരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിനു മുമ്പ് IFA-യുടെ അഭിപ്രായം നിർബന്ധമായിരിക്കും. എന്നാൽ, ഡെലിഗേറ്റ് ചെയ്തു നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്ന എക്സിക്യൂട്ടീവ് അധികാരി ഭരണ വകുപ്പ് സെക്രട്ടറി തന്നെയായിരിക്കും.

2. പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, സമാന സ്ഥാപനങ്ങൾ എന്നിവയിൽ സെക്രട്ടേറിയറ്റിന് പുറത്ത് നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ള ധനവകുപ്പ് ഉദ്യോഗസ്ഥരെ ഉപയോഗിച്ച് IFA തസ്തികകൾ നികത്തും, ഇത് അധിക സാമ്പത്തിക ബാധ്യതയില്ലാതെ പുനർവിന്യാസം സാദ്ധ്യമാക്കും.

3. IFA-യുടെ നിരീക്ഷണങ്ങളും ഉപദേശവും സമാന്തര ഫയൽ സൃഷ്ടിക്കാതെ തന്നെ ഭരണ വകുപ്പിന്റെ ഫയലിൽ നേരിട്ട് രേഖപ്പെടുത്തും. ഉപദേശത്തെ ഫിനാൻഷ്യൽ കംപ്ലയൻസ്/പ്രൊപ്രൈറ്റി(FC), ഫിനാൻഷ്യൽ ഒപീനിയൻ/പ്രൂഡൻസ്(FO), അഡ്മിനിസ്ട്രേറ്റീവ്/നോൺ-ഫിനാൻഷ്യൽ(NF) എന്നിങ്ങനെ മൂന്നായി തരംതിരിക്കും. ഉപദേശങ്ങളിൽ വസ്തുനിഷ്ഠത നിലനിർത്താൻ, IFA-മാർക്ക് സാധാരണ ഭരണപരമോ എക്സിക്യൂട്ടീവ് പ്രവർത്തനമോ നൽകില്ല. ജോലിഭാരം കുറയ്ക്കുന്നതിന്, നിർബന്ധിത IFA പരിശോധന ആവശ്യമുള്ള വിഷയങ്ങളുടെ ലിസ്റ്റും (പോസിറ്റീവ്) പരിശോധനയിൽ നിന്ന് ഒഴിവാക്കിയ സാധാരണ വിഷയങ്ങളുടെ ലിസ്റ്റും (നെഗറ്റീവ്) ഓരോ വകുപ്പിലും വിജ്ഞാപനം ചെയ്യും.

4. ധനവകുപ്പുമായി മുൻകൂർ കൂടിയാലോചന നിർബന്ധമുള്ളിടത്തെല്ലാം, IFA രേഖപ്പെടുത്തിയ പരിശോധന കുറിപ്പിനൊപ്പം വിഷയം തുടർന്നും റഫർ ചെയ്യുന്നത്, നിർദ്ദേശം പൂർണ്ണവും ചട്ടങ്ങൾക്ക് അനുസൃതവുമായാണ് ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നു. IFA സമാന്തര അധികാരിയായല്ല മറിച്ച് ഒരു ഇന്റേണൽ ഉപദേശക സംവിധാനമായി പ്രവർത്തിക്കുന്നു.

5. ഈ സംവിധാനം ഗണ്യമായ ബജറ്റ് വിഹിതം അനുവദിച്ചിട്ടുള്ള അഞ്ച് ഭരണ വകുപ്പുകളിൽ ആദ്യം തുടങ്ങി ഘട്ടം ഘട്ടമായി മറ്റ് ഭരണ വകുപ്പുകളിലും നടപ്പിലാക്കുന്നതാണ്.

മേൽ പറഞ്ഞ സവിശേഷതകൾ പരിഗണിച്ച് കേരള സർക്കാരിൽ IFA സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മുകളിൽ പരാമർശിച്ചിട്ടുള്ള ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ ഭരണ വകുപ്പുകളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ അഡ്വൈസർ (IFA) സംവിധാനം നടപ്പിലാക്കുന്നതാണ്.

2. സെക്രട്ടേറിയറ്റിന് പുറത്ത് നിലവിൽ നിയമിക്കപ്പെട്ടിട്ടുള്ള ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരെയും പ്രധാന വകുപ്പുകളിൽ ഐ.എ.എസ്. ഉദ്യോഗസ്ഥരെയും IFA മാരായി നിയമിച്ച് അഞ്ചു പ്രധാന വകുപ്പുകളിൽ തുടങ്ങി മേൽപ്പറഞ്ഞ ചട്ടക്കൂട് ഘട്ടം ഘട്ടമായി സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നതാണ്.

3. IFA പരിശോധന ആവശ്യമായ വിഷയങ്ങളുടെയും പരിശോധനയിൽ നിന്നും ഒഴിവാക്കേണ്ട സാധാരണ വിഷയങ്ങളുടെയും പട്ടിക കണ്ടെത്തി വിശദമായ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും ആദ്യഘട്ട വകുപ്പുകളെ കണ്ടെത്താനും ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.എ.ജയതിലക് ഐ.എ.എസ്.**
**ചീഫ് സെക്രട്ടറി**

അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/
സ്പെഷ്യൽ സെക്രട്ടറിമാർ
സെക്രട്ടേറിയറ്റിലെ എല്ലാ ഭരണ വകുപ്പുകൾക്കും
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ
എല്ലാ വകുപ്പ് തലവൻമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3538283:EXP-B4/117/2026-FIN)

**പകർപ്പ്:**
1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറി

3. പ്രതിപക്ഷ നേതാവിന്റെ/ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി
4. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
5. നോഡൽ ഓഫീസർ, www.finance.kerala.gov.in
6. പൊതുഭരണ(എസ്.സി.) വകുപ്പ്
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ